## ആരോഗ്യവകുപ്പ് ഡയറക്ടറേറ്റിലെ സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടി ക്രമം

വിഷയം:- ആ.വ.ഡ - ജീവനക്കാര്യം - ക്ലാർക്കുമാരുടെ അന്തർ ജില്ലാ സ്ഥലം മാറ്റം-ഉത്തരവ് പുറപ്പെടുവിക്കുന്നത്-സംബന്ധിച്ച്.

പരാമർശം:- 1) കത്ത് നം.എ2/13583/2016/ജി.മെ.ആ, തൃശ്ശൂർ, തീയതി 15.12.2016.
2) കത്ത് നം.എ2/17584/2015/ജി.മെ.ആ, എറണാകുളം, തീയതി 30.08.16.

**ഉത്തരവ് നമ്പർ ഇ.ഡി1-2/2017/ആ.വ.ഡ,തീയതി 05.01.2017**

ആശ്രിത നിയമന വ്യവസ്ഥയിൽ ക്ലാർക്കുമാരായി നിയമിക്കപ്പെടുകയും എന്നാൽ തിരഞ്ഞെടുക്കപ്പെട്ട ജില്ലയിൽ ഒഴിവില്ലാത്തതിനാൽ മറ്റ് ജില്ലകളിൽ നിയമനം നൽകുകയും ചെയ്ത ചുവടെ പട്ടികയിൽ സൂചിപ്പിച്ചിരിക്കുന്ന ക്ലാർക്കുമാരെ അവരുടെ പേരിനു നേരെ സൂചിപ്പിച്ചിരിക്കുന്ന ജില്ലാ മെഡിക്കൽ ആഫീസർമാർക്ക് ഉചിതമായ നിയമനത്തിനായി അനുവദിച്ച്കൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

| ക്രമ നം | പേരും ഇപ്പോൾ ജോലി ചെയ്യുന്ന സ്ഥാപനവും | നിയമനത്തിനായി അനുവദിച്ചിരിക്കുന്ന ജില്ല |
|---|---|---|
| 1 | ശ്രീ.ഷിജു ജോയി<br>ജില്ലാ ആശുപത്രി, നിലമ്പൂർ, മലപ്പുറം | എറണാകുളം |
| 2 | ശ്രീമതി.അമ്പിളി.കെ.ജി<br>പ്രാഥമികാരോഗ്യ കേന്ദ്രം, ഏലംകുളം, മലപ്പുറം | തൃശ്ശൂർ |

ടി ജീവനക്കാർ ജോലി ചെയ്യുന്ന സ്ഥാപനത്തിന്റെ മേധാവികൾ ടി ജീവനക്കാരെ നിയമനത്തിനായി അനുവദിക്കപ്പെട്ടിട്ടുള്ള ബന്ധപ്പെട്ട ജില്ലാ മെഡിക്കൽ ഓഫീസർമാരിൽ നിന്നും നിയമന ഉത്തരവ് ലഭിച്ചാലുടൻ സേവനത്തിൽ നിന്ന് വിടുതൽ ചെയ്യേണ്ടതാണ്.

ടി ജീവനക്കാരെ നിയമന ഉത്തരവിനായി അനുവദിക്കപ്പെട്ടിട്ടുള്ള ബന്ധപ്പെട്ട ജില്ലാ മെഡിക്കൽ ആഫീസർമാർ ഈ ഉത്തരവ് ലഭിച്ച ശേഷം അടിയന്തിരമായി നിയമന ഉത്തരവ് നൽകേണ്ടതാണ്.

ആരോഗ്യ വകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുള്ള ഈ ഉത്തരവിന്റെ പകർപ്പ് നിയമന ഉത്തരവ് നൽകുന്നതിനും വിടുതൽ ചെയ്യുന്നതിനും ജോലിയിൽ പ്രവേശിക്കുന്നതിനും ഔദ്യോഗിക രേഖയായി ഉപയോഗിക്കാവുന്നതാണ്.

വിടുതൽ ചെയ്യുന്ന തീയതിയും, ജോലിയിൽ പ്രവേശിക്കുന്ന തീയതിയും ഈ ഓഫീസിൽ അറിയിക്കേണ്ടതാണ്.

ഒപ്പ്/-
ഐസക് ഇട്ടി
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ

സ്വീകർത്താവ്: ബന്ധപ്പെട്ട ഉദ്യോഗസ്ഥർ

പകർപ്പ്-

1. ആരോഗ്യവകുപ്പ് ഡയറക്ടറുടെ / സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ സി.എ.
2. ജില്ലാ മെഡിക്കൽ ഓഫീസർ, എറണാകുളം, തൃശ്ശൂർ, മലപ്പുറം
3. മെഡിക്കൽ ഓഫീസർ ഇൻചാർജ്ജ്/ സൂപ്രണ്ട്/ജില്ലാ ആശുപത്രി, നിലമ്പൂർ/ഏലംകുളം/മലപ്പുറം.
4. ഫയൽ/കരുതൽ ഫയൽ

//അംഗീകാരത്തോടെ//

B. S. Seyfujadeen
സൂപ്രണ്ട്

6042862 GOVERNMENT OF KERALA 2015-16